പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2443

08/03/2017 ൽ മറുപടിക്ക്

**കെ.എം.എം.എൽ. ന്റെ സമീപ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) കേരളാ മിനറൽസ് ആന്റ് മെറ്റൽസ് കമ്പനിയുടെ സമീപ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കെ.എം.എം.എൽ. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | എ) കമ്പനിയുടെ സമീപമുള്ള 7 വാർഡുകളിലേയ്ക്കായി പൈപ്പ് ലൈൻ മുഖേനയും ടാങ്ക് ഘടിപ്പിച്ച ലോറികൾ മുഖേനയും കുടിവെള്ളം വിതരണം ചെയ്തുവരുന്നു. കൂടാതെ ജലനിധി പദ്ധതി മുഖേന ഉപഭോക്താക്കൾക്ക് നൽകിവരുന്ന കുടിവെള്ളത്തിന്റെ വെള്ളക്കരം കമ്പനിയാണ് നൽകുന്നത്. |
| ബി) ഖനന മേഖലയിലേയും കമ്പനിയുടെ സമീപത്തുള്ള ജനവാസ മേഖലയിലെയും ജനങ്ങൾക്ക് ഏതെല്ലാം സാമൂഹ്യ സേവന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്; | ബി) സമീപമുള്ള വിദ്യാലയങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായം നൽകുകയും സമീപ വാർഡുകളിലെ ജനങ്ങൾക്ക് വൈദ്യ പരിശോധനാ ക്യാമ്പ് നടത്തുകയും ചെയ്യുന്നു. കമ്പനിയുടെ സമീപത്തുള്ള സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമുള്ള മരുന്നുകൾ നൽകുന്നതിന് പുറമേ അവിടെ ഒരു ഡോക്ടറിന്റെയും ഫാർമസിസ്റ്റിന്റെയും സേവനം കമ്പനി ഏർപ്പാടാക്കി നൽകുകയും സമീപ വാർഡുകളിലെ കാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തിവരുന്ന വിവിധ വികസന പ്രവർത്തനങ്ങളിൽ കമ്പനി പങ്കാളിയാവുകയും ചുറ്റുമുള്ള വാർഡുകളിലെ ഓടകളുടെ |

| | |
|---|---|
| | നിർമ്മാണം, വഴി വിളക്കുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും കമ്പനി ഏറ്റെടുത്തു നടത്തുന്നുണ്ട്. എല്ലാ വർഷവും കമ്പനിയുടെ ലാഭത്തിന്റെ ഒരു നിശ്ചിത ശതമാനം സാമൂഹ്യ സേവന പദ്ധതിയ്ക്കായി മാറ്റി വയ്ക്കുന്നുണ്ട്. |
| സി) മിനറൽ സെപ്പറേഷന് ശേഷമുള്ള മണൽ എന്തെല്ലാം പദ്ധതികൾക്കായി ഉപയോഗിക്കുന്നുവെന്നും ഈ മണൽ ജനങ്ങൾക്ക് വിലയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ? | സി) മിനറൽ സെപ്പറേഷന് ശേഷമുള്ള മണൽ മൈനിംഗ് നടത്തിയ സ്ഥലങ്ങൾ refill ചെയ്യുന്നതിന് ഉപയോഗിക്കുന്നു. ഈ മണ്ണ് പൊതുജനങ്ങൾക്ക് വിലയ്ക്ക് നൽകുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

Bindumol K.N

സെക്ഷൻ ഓഫീസർ